# പതിമൂന്നാം കേരളനിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2214** | **17/02/2016-ൽ മറുപടിക്ക്**

## ഐ.ടി. വ്യവസായ പാർക്കുകൾ

**ചോദ്യം**

**ശ്രീ. കെ. രാധാകൃഷ്ണൻ**

**മറുപടി**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഫണ്ട് ഉപയോഗിച്ച് ഭൗതിക സാഹചര്യം ഒരുക്കിയ ഐ. ടി. വ്യവസായ പാർക്കുകളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) & (ബി) | ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ 66.2 ഏക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ചേർത്തല ഇൻഫോപാർക്കിൽ 2.4 ലക്ഷം ചതുരശ്ര അടി ഉള്ള ഒരു ഐ.ടി കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 30 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.<br>തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ 30 ഏക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കൊരട്ടി ഇൻഫോപാർക്കിന്റെ വികസനത്തിന്റെ ആദ്യഘട്ടമായി, 52000 ച. അടി വരുന്ന ഐ.ടി. സ്പേസ് പഴയ കെട്ടിടങ്ങൾ പുതുക്കി പണിത് ഐ .ടി കമ്പനികൾ പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ 3.3 ലക്ഷം ചതുരശ്ര അടി ഉള്ള ഒരു ഐ.ടി കെട്ടിടത്തിന്റെ പണി പൂർത്തിയായി കമ്പനികൾ പ്രവർത്തിച്ചു തുടങ്ങി. 3.24 കോടി രൂപ ഇതിനായി ചിലവഴിച്ചിട്ടുണ്ട്.<br>കോഴിക്കോട് ജില്ലയിലെ നെല്ലിക്കോട്, പന്തീരങ്കാവ് വില്ലേജുകളിലായി 44.4 ഏക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന സൈബർപാർക്കിൽ 11,000 ചതുരശ്ര അടി ഉള്ള 'Common Facility Centre' കെട്ടിടം പണിയുകയും ഐ.ടി കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ 2.88 ലക്ഷം ചതുരശ്ര അടി ഉള്ള ഒരു ഐ.ടി കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു. ഇവിടെ "Land Development, Internal Roads, Street Lighting, Compound Wall" തുടങ്ങിയ അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾക്കായി 29 കോടി രൂപയും, ശുദ്ധജലം, 11 കെ. വി. സബ്സ്റ്റേഷൻ, 11700 ച.അടി. കോമൺ ഫെസിലിറ്റി സെന്റർ എന്നിവയ്ക്കായി 46.41 കോടി രൂപയും ഉൾപ്പെടെ 75.41 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിലെ എരമം വില്ലേജിൽ 25 ഏക്കർ ഭൂമിയിൽ 50,000 sq.ft. ഉള്ള ഐ.ടി കെട്ടിടം പണി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 2.17 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ പാർക്കുകൾക്ക് ഓരോന്നിനും എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | കാസർഗോഡ് ജില്ലയിലെ ചീമേനി വില്ലേജിൽ 100 ഏക്കർ ഭൂമിയിലാണ് 50,000 sq.ft. ഉള്ള ഐ.ടി കെട്ടിടം പണി ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 3.58 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br>മലപ്പുറം ജില്ലയിലെ അരീക്കോട് ഐ.ടി. പാർക്കിന് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിന്റെ സാധ്യതാ പഠനത്തിനും, ലാൻഡ് സർവേക്കുമായി 3 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br>കോട്ടയം ജില്ലയിൽ ആരംഭിക്കാനിരിക്കുന്ന ഐ.ടി. പാർക്കായ ഇൻഫോസിറ്റിയുടെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 3 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിലെ പിറവത്തും, മൂവാറ്റുപുഴയിലും, കൊല്ലം ജില്ലയിലെ വെളിയത്തും, കണ്ണൂർ ജില്ലയിലെ തവക്കരയിലും ടെക്നോലോഡ്ജുകൾ പ്രവർത്തിച്ചു വരുന്നു. ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 16 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br>ഇവയ്ക്കു പുറമേ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫോർമേഷൻ ടെക്നോളജി കേരള – ക്ക് (IIIT-Kerala) വേണ്ടിയും, ICT Academy of Kerala - ക്ക് വേണ്ടിയും 52.06 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br>വിവിധ പദ്ധതികൾക്കായി തിരുവനന്തപുരം ടെക്നോപാർക്കിൽ 268.82 കോടി രൂപയും, കൊച്ചി ഇൻഫോപാർക്കിൽ 241.83 കോടി രൂപയും ചിലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പാർക്കുകളിൽ എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്ര സംരംഭകർക്ക് അവസരം ലഭിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ട സംരംഭകരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. |
| (ഡി) | ഐ.ടി. വ്യവസായ പാർക്കുകൾ സംരംഭകർക്ക് അനുവദിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള സംവരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സംരംഭകർക്ക് സ്ഥലം അനുവദിക്കുന്നതിന് സംവരണം നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ